II ശ്രദ്ധക്ഷണിക്കൽ

(1) തീരദേശ നിയന്ത്രണനിയമം നടപ്പിലാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. പി. കെ. അബ്ദുറബ്ബ് : സർ, സംസ്ഥാനത്ത് തീരദേശനിയന്ത്രണ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നമ്മുടെ സംസ്ഥാനത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങളിലേക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റേയും ശ്രദ്ധക്ഷണിക്കുകയാണ്. ഈ ശ്രദ്ധക്ഷണിക്കൽ ഇപ്പോൾ ഇവിടെ അവതരിപ്പിക്കാൻ കാരണം, ഈ മാർച്ച് മാസത്തിൽ അഡ്വക്കേറ്റ് ജനറൽ ലോക്കൽ അഡ്മിനിസ്ട്രേഷൻ സെക്രട്ടറിക്കും പഞ്ചായത്ത് ഡയറക്ടർക്കും അയച്ച ഒരു കത്താണ്. കലൂർ ജോസഫ് എന്നു പറയുന്ന ഒരാൾ 20278/97-ാം നമ്പരായി കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒരു കേസുമായി ബന്ധപ്പെട്ടാണ് അഡ്വക്കേറ്റ് ജനറലിന്റെ കത്ത് വന്നിരിക്കുന്നത്. അതിൽ കോടതി പറയുന്നത്, "It is submitted that the Coastal Zone Management Plan has been prepared and got approved. It is also submitted that Committee to monitor the enforcement of the Coastal Zone Management Plan has also been constituted. It is pointed out by learned counsel for the PINR that at the relevant spots there are no markings or indicators to identify the High Tide Line as recognised in the Coastal Zone Management Plan. It is submitted that it is necessary to have markers or appropriate identifying marks put up to identify the High Tide Line. The stand of the Government is that it has to be done by the Local Bodies or authorities at the respective spots and appropriate directions will be issued to them to have this done." അത് പറഞ്ഞിട്ട് അവസാനം, "Direction to the Government to its departments and to the local authorities while dealing with the request for permission for making construction in the coastal areas to ensure that the proposed construction does not in any manner violative the Coastal Zone Management Plan now prepared in any manner violative the coastal zone management plan now prepared and approved. Steps also should be taken to stop any construction that is being made in violation of the Coastal Zone Management Plan. Now finalised and approved. No further directions are called for in this civil misc., petition except to direct implementation of the above directions", എന്ന് പറഞ്ഞിട്ടാണ് അത് വിട്ടിരിക്കുന്നത്. നമ്മൾ കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് തീരദേശപരിപാലന പദ്ധതിയുണ്ടാക്കി. അത് 1996 ജനുവരിയിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. അത് ചില ഭേദഗതികളോടെ കേന്ദ്രം അംഗീകരിക്കുകയും ചെയ്തു. അതു കഴിഞ്ഞിട്ട് ഈ കാര്യങ്ങളെല്ലാം ബന്ധപെടുത്തിക്കൊണ്ട് കേരളത്തിന്റെ തീരദേശത്തിന്റെ സമഗ്രമായ വികസനത്തിനും സംരക്ഷണത്തിനുമൊക്കെയായി തീരദേശ വികസന അതോറിറ്റി രൂപീകരിക്കാൻ തീരുമാനിക്കുകയും അതിന്റെ സ്പെഷ്യൽ ഓഫീസറായി

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചന്ദ്രൻ ഐ. എ. എസ്-നെ നിയമിക്കുകയും ചെയ്തു. അദ്ദേഹം സമർപ്പിച്ച റിപ്പോർട്ടിലെ കുറെ ഭാഗങ്ങൾ നമ്മൾ സ്വീകരിക്കുകയും അതിനനുസരിച്ച് നിയമം കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. പക്ഷേ ഇതുവരെ നിയമവുമായി ബന്ധപ്പെട്ട ബില്ലോ റൂളോ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ കേരളത്തിലെ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിനെ അധികാരപ്പെടുത്തുകയും അവരാണ് നമ്മുടെ കോസ്റ്റൽ സോൺ മാനേജുമെന്റ് പ്ലാനുണ്ടാക്കുകയും ചെയ്തത്. ആ പ്ലാൻ അനുസരിച്ച് കേരളത്തിന്റെ 590 കി. മീറ്റർ വരുന്ന തീരദേശത്തിന്റെ "CRZ-1,2,3,4" എന്നുള്ളരീതിയിൽ തിരിക്കുകയും അതിന് അനുസരിച്ചുള്ളകാര്യങ്ങൾ മുന്നോട്ടു വയ്ക്കുകയും ചെയ്തു. പക്ഷേ ആത്യന്തികമായി തീരദേശവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട ഒരു കാര്യവും മനസ്സിലാക്കാനോ അവരെക്കൊണ്ട് അത് ചെയ്യിക്കാനുമുള്ള സന്ദർഭം ഇതുവരെ ഉണ്ടാവുകയോ ചെയ്തിട്ടില്ല. 1998 ഒക്ടോബർ മാസത്തിൽ ജില്ലാതലത്തിൽ പഞ്ചായത്തിലെ ഓഫിഷ്യൽസിന് ഒരു വൺഡേ ക്ലാസ് നടത്തിയതല്ലാതെ ഈ കാര്യത്തിൽ ഫലപ്രദമായി മറ്റൊന്നും ചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇപ്പോൾ നമ്മൾ തീരദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിക്കുമ്പോൾ പരിശോധിക്കേണ്ട ആവശ്യത്തിലേക്കായി സോൺ തിരിച്ചുകൊണ്ടുള്ള, അല്ലെങ്കിൽ വേലിയേറ്റ ഏരിയായിൽനിന്നുള്ള ദൂരം തിരിച്ചുകൊണ്ടുള്ള അടയാളങ്ങളൊന്നും തന്നെ വച്ചിട്ടില്ല. അത് ഹൈ ടൈഡ് ലൈൻ തീരുമാനിച്ചതിനു ശേഷം മാത്രമേ ചെയ്യാൻ കഴിയൂ. ഹൈടൈഡ് ലൈൻ തീരുമാനിക്കുന്നതിന് സർവേ ജനറൽ ഓഫ് ഇൻഡ്യയുടെ പെർമിഷൻ വേണമെന്ന് നേരത്തെ പറഞ്ഞിരുന്നു. പിന്നീട് സുപ്രീം കോടതി ആ നിബന്ധനമാറ്റി. ഓരോ സംസ്ഥാനത്തും ഓരോ ഏജൻസികളെ അതിനുവേണ്ടി അധികാരപ്പെടുത്തുകയുണ്ടായി. ആ ഏജൻസികളെ അധികാരപ്പെടുത്തിയതിന്റെ പ്രായോഗികമായിട്ടുള്ള കാര്യങ്ങൾ നമ്മുടെ തീരദേശങ്ങളിൽ ഇതുവരെ ചെയ്തിട്ടില്ല. പക്ഷേ തീരദേശ നിയമം ലംഘിച്ചുവെന്നുള്ളതിന്റെ പേരിൽ ഒരുപാട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ ഇപ്പോൾ സസ്പെൻഷനിലാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഈ നിയമം നടപ്പിലാക്കേണ്ട ഏറ്റവും അവസാനത്തെ ഘടകമായ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഇപ്പോൾ ഇരുട്ടിൽ തപ്പുന്ന ഒരവസ്ഥയാണ്, അവർക്ക് എന്താണ് ചെയ്യേണ്ടതെന്നറിയില്ല. അതോടൊപ്പം ഞാൻ വായിച്ച അഡ്വക്കേറ്റ് ജനറലിന്റെ കത്തിന്റെ അടിയിൽ എൻഡോഴ്സ്മെന്റായിട്ട് "Copy forwared to all Deputy Director of Panchayats, with direction to communicate the same to all Coastal Grama Panchayats under your Jurisdiction for strict compliance watch progress and report."എന്നാണ് പറഞ്ഞിട്ടുള്ളത്. എന്താണ് ചെയ്യാൻ കഴിയുന്നത് ? ലോക്കൽ അഡ്മിനിസ്ട്രേഷൻ സെക്രട്ടറിയോ അഡ്വക്കേറ്റ് ജനറലോ അല്ലെങ്കിൽ പഞ്ചായത്ത് ഡയറക്ടറോ ഇങ്ങനെ കത്ത് അയച്ചതുകൊണ്ടുമാത്രം തീരുന്ന ഒരു പ്രശ്നമല്ല ഇത്. ഇത് വളരെ രൂക്ഷമായ പ്രശ്നമാണ്. ഇത് പരിഹരിക്കാനുള്ള പ്രായോഗികമായ സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. തീരദേശ നിയമം ആദ്യം വരാൻ പോയ സമയത്ത് തന്നെ നമ്മുടെ ഗവൺമെന്റ് ഈ നിയമത്തിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഇവിടെ നടപ്പിലാക്കാൻ ബുദ്ധിമുട്ടുണ്ടെന്ന് പറഞ്ഞിരുന്നു. നമ്മൾ പറയുന്ന കാര്യങ്ങൾ പരിശോധിക്കാൻവേണ്ടി കേന്ദ്ര ഗവൺമെന്റിനോട് നമ്മൾ തന്നെ ഒരു കമ്മിറ്റിയെ നിയോഗിക്കാനും പറഞ്ഞു. അതനുസരിച്ച് ഡോ. ബാലകൃഷ്ണൻ നായർ കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തു. അദ്ദേഹം നമുക്കനുകൂലമായി റിപ്പോർട്ട് എഴുതിയെങ്കിലും കേന്ദ്ര ഗവൺമെന്റും സുപ്രീംകോടതിയും വീണ്ടും ഈ കാര്യത്തിൽ നിർബന്ധം പിടിക്കുകയാണ് ചെയ്തത്. തീരദേശ മേഖല ഓരോ സോണും മാർക്ക് ചെയ്യുന്ന കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കണം. പഞ്ചായത്തുകൾക്ക് വേറെയും ഒരുപാട് ബുദ്ധിമുട്ടുകളൊക്കെയുണ്ട്. പഞ്ചായത്ത് രാജ് ഭേദഗതി നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള (220 ബി), അതിന്റെ കാര്യത്തിലും അതിന്റെ റൂൾസ് ഫ്രെയിം ചെയ്യാത്തതുകൊണ്ട് നടപ്പിലാക്കാൻ സാധിക്കാതെയിരിക്കുന്നു. പക്ഷേ ഉദ്യോഗസ്ഥന്മാരുടെ സസ്പെൻഷനൊക്കെ മുറയ്ക്ക് നടക്കുകയും ചെയ്യുകയാണ്. ആരെങ്കിലും കോടതിയിൽ കടലാസ് കൊണ്ടുകൊടുത്താൽ ഉദ്യോഗസ്ഥൻമാരെ സസ്പെന്റു ചെയ്യുന്ന ഒരു സമ്പ്രദായമാണുള്ളത്. അപ്പോൾ ഈ കാര്യത്തിൽ "സെസ്"നേയോ മറ്റ് ഏജൻസികളേയോ അധികാരപ്പെടുത്തിക്കൊണ്ട് തീരദേശം മുഴുവൻ സോൺ അടിസ്ഥാനത്തിൽ നിർണ്ണയിച്ച് അടയാളമിടുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, സംസ്ഥാനത്തെ സമുദ്ര തീരപ്രദേശങ്ങളിൽ വേലിയേറ്റ സമുദ്ര നിരപ്പിൽ നിന്നും 500 മീറ്റർ അകലം വരെ വ്യവസായികമായോ, അല്ലാതെയോ ഉള്ള ഏതൊരു നിർമ്മാണപ്രവർത്തനം നടത്തുവാൻ അനുവദിക്കരുതെന്ന് ബഹു. സുപ്രീം കോടതിയുടെ 12-12-1994 ലെ ഇടക്കാല വിധിയിൽ നിർദ്ദേശിച്ചിട്ടുണ്ട്. സുപ്രീം കോടതി വിധിക്ക് വിരുദ്ധമായി സമുദ്രതീര പ്രദേശങ്ങളിൽ 500 മീറ്റർ അകലെവരെ നിർമ്മാണ പ്രവർത്തനം നടത്തുവാൻ അനുവദിക്കുന്നത് കോടതിവിധിയുടെ ലംഘനമാണെന്ന് എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി കൊടുക്കുന്നതിൽ ഏറ്റവും പ്രധാന പങ്ക് വഹിക്കുന്നത് തദ്ദേശ ഭരണ സ്ഥാപനങ്ങളാണ്. നിയമാനുസൃതമാണ് തീരദേശത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതെന്ന് ഉറപ്പാക്കേണ്ടതും ഈ സ്ഥാപനങ്ങൾ തന്നെയാണ്. കടലിനോടോ, വേലിയേറ്റിറക്ക പ്രഭാവമുള്ള കായലിനോടോ ചേർന്ന് കിടക്കുന്ന പഞ്ചായത്തുകൾ തീരപ്രദേശത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നല്കുമ്പോൾ തീരദേശ നിയന്ത്രണ നിയമലംഘനം ഉണ്ടാക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഇത്തരത്തിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിശദ വിവരം സംസ്ഥാനത്തിന്റെ തീരദേശ പരിപാലന പദ്ധതിയിൽപ്പെട്ടിട്ടുണ്ട്. വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്റർ വരെയുള്ള പ്രദേശങ്ങൾ വികസന നിരോധന മേഖലയാണ്. പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ ഇവിടെ അനുവദിക്കാൻ പാടില്ല. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴുള്ള കെട്ടിടങ്ങളുടേയും മറ്റും അറ്റകുറ്റപ്പണികൾ നിലവിലിരിക്കുന്ന വിസ്തീർണ്ണത്തിൽ കൂടാതെ അനുവദിക്കാം. 200 മീറ്ററിനും 500 മീറ്ററിനും ഇടയ്ക്കുള്ള പ്രദേശത്ത് പരമ്പരാഗതവാസികൾക്ക് വീടുകൾ നിർമ്മിക്കുവാൻ അനുവാദം ഉണ്ട്. എന്നാൽ ആകെയുള്ള വീടുകളുടെ എണ്ണം ഇപ്പോഴുള്ളതിന്റെ ഇരട്ടിയിലധികം ആകാൻ പാടില്ല എന്ന നിബന്ധനയ്ക്ക് വിധേയമായാണ് വീട് നിർമ്മാണം അനുവദിച്ചിട്ടുള്ളത്. അതുപോലെതന്നെ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം പ്ലോട്ട് വിസ്തീർണ്ണത്തിന്റെ 33 ശതമാനത്തിലധികം ആകാൻ പാടില്ല.

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വാസഗൃഹങ്ങൾക്കും തദ്ദേശ ഭരണ സ്ഥാപനങ്ങൾ നമ്പർ നല്കാത്തതുമൂലം വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. വൈദ്യുതി, റേഷൻ കാർഡ് മുതലായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കെട്ടിടങ്ങൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ ആവശ്യമാണ്. തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ (എച്ച്.റ്റി.എൽ/ എൽ.റ്റി.എൽ) വരുന്ന പ്രദേശത്ത് ഉടമസ്ഥാവകാശത്തിലോ, കൈവശാനുഭവത്തിലോ വസ്തു ഉള്ളവർക്ക് വീട് വയ്ക്കുന്നതിനുള്ള അനുവാദം ലഭിക്കുന്നില്ല. മാത്രവുമല്ല, സർക്കാരിൽ നിന്നോ, മറ്റ് ഏജൻസികളിൽ നിന്നോ ദുർബല വിഭാഗക്കാർക്ക് നല്കുന്ന ഭവന നിർമ്മാണ സാമ്പത്തികസഹായം കിട്ടുന്നതിന് തടസ്സമാകുന്നു.

തീരദേശ നിയന്ത്രണത്തിലെ ചില വ്യവസ്ഥകൾ സംസ്ഥാനത്തിന്റെ ദീർഘ കാലടിസ്ഥാനത്തിലുള്ള വികസന പദ്ധതികൾക്ക് ഹാനികരമാണെന്നും ആയതിനാൽ ഈ കേന്ദ്ര ഗവൺമെന്റ് നോട്ടിഫിക്കേഷൻ ഭേദഗതി ചെയ്യണമെന്നും സംസ്ഥാന സർക്കാർ 1997-ൽ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിനെത്തുടർന്ന് നിയമിക്കപ്പെട്ട പ്രൊ. എൻ. ബാലകൃഷ്ണൻ നായർ കമ്മീഷൻ അതിന്റെ ശുപാർശകൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ അതിന്മേൽ ഒരു തീരുമാനം എടുത്തിട്ടില്ലെന്നാണ് അറിയുന്നത്. കേന്ദ്ര സർക്കാരിന്റെ അനുഭാവപൂർവമായ സമീപനം കൊണ്ടല്ലാതെ സംസ്ഥാന സർക്കാരിന്റെ മാത്രമായി ഈ കാര്യത്തിൽ ഒന്നുംതന്നെ ചെയ്യാൻ കഴിയുമെന്നു തോന്നുന്നില്ല.

കേന്ദ്ര സർക്കാരിനോട് ഇക്കാര്യത്തിൽ കേരളം അനുഭവിക്കുന്ന വിഷമതകൾ പരിഹരിക്കാനാവശ്യമായ നടപടി കൈക്കൊള്ളാൻ തുടർന്നും സമ്മർദ്ദം ചെലുത്തുന്നതാണ്.

<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u> : കേന്ദ്ര നിയമത്തിലുള്ള ഇളവിനെ സംബന്ധിച്ചുള്ള കാര്യങ്ങളല്ല പറഞ്ഞത്. ഇപ്പോൾ നിലവിലുള്ള നിയമം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കണമെങ്കിൽ ഓരോ പ്രദേശത്തും വേലിയേറ്റ രേഖയുടെ അടയാളം എവിടെയാണ്, 200 മീറ്ററിന്റെ അടയാളം എവിടെയാണ്, 500 മീറ്ററിന്റെ അടയാളം എവിടെയാണ് എന്നുള്ളത് നമ്മുടെ കോസ്റ്റൽ ഏരിയായിലും കായൽ പ്രദേശങ്ങളിലും മാർക്ക് ചെയ്യാനുള്ള സംവിധാനം ഗവൺമെന്റ് അടിയന്തിരമായി ഉണ്ടാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെയ്യേണ്ടുന്ന കാര്യങ്ങൾ വളരെ വിശദമായി പ്രതിപാദിച്ചുകൊണ്ട് ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് കത്ത് കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച പോലെ അതിന്റെ അതിർത്തി രേഖപ്പെടുത്തുന്നതു സംബന്ധിച്ച നിർദ്ദേശം അടിയന്തിരമായി തന്നെ കൊടുക്കുന്നതാണ്.

(2) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

പ്രൊഫ. എ. വി. താമരാക്ഷൻ: സർ, മത്സ്യസമ്പത്തിന്റെ വംശനാശം മൂലവും മത്സ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ഗവൺമെന്റ് ചെലവഴിക്കുന്ന പണം യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്കു ലഭിക്കാത്തതു മൂലവും കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ ഈ സഭയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ സബ്ജക്ട് കമ്മിറ്റി-II അംഗീകരിച്ച റിപ്പോർട്ടു കൂടി ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അംഗീകരിച്ച റിപ്പോർട്ടാണ്. ആ റിപ്പോർട്ടിൽ പറയുന്നത് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ഫിഷറീസ് വകുപ്പ് പല പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. അത് യഥാർത്ഥത്തിൽ അർഹതപ്പെട്ടവർക്ക് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു എന്നാണ്. ഫിഷറീസ് വകുപ്പ് പ്രധാനമായും ചെയ്യേണ്ടത് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിത മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുകയെന്നതാണ്. എന്തൊക്കെ പദ്ധതികൾ ഈ മേഖലയിൽ നടപ്പിലാക്കിയാലും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഇത് സമിതി ഏകകണ്ഠമായി അംഗീകരിച്ച റിപ്പോർട്ടാണ്. പരമ്പരാഗത മത്സ്യതൊഴിലാളികൾക്കു വേണ്ടി ഗവൺമെന്റ് ചെലവഴിക്കുന്ന പണം യഥാർത്ഥ തൊഴിലാളികൾക്ക് ലഭിക്കുന്നില്ലായെന്നാണ് ആ റിപ്പോർട്ടിൽ പറയുന്നത്. അത് നമ്മൾ അംഗീകരിച്ച റിപ്പോർട്ടാണ്. അതുപോലെതന്നെ അനധികൃതമായ മത്സ്യബന്ധനം കാരണം മത്സ്യ സമ്പത്ത് അനുദിനം നശിച്ചുകൊണ്ടിരിക്കുന്നതായും തന്മൂലം കടലിൽ നിന്നുകിട്ടികൊണ്ടിരിക്കുന്ന മത്സ്യങ്ങളുടെ അളവ് കുറഞ്ഞിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. ഈ പ്രശ്നങ്ങളും അതിൽ നിന്നുളവാകുന്ന ഗുരുതരമായ സ്ഥിതിവിശേഷവുമാണ് ഞാൻ ഗവൺമെന്റിന്റെയും അങ്ങയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നത്. കേരളത്തിൽ ഇന്ന് ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു ജനവിഭാഗമാണ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ. വിദ്യാഭ്യാസപരമായും, സാമൂഹ്യമായും, സാമ്പത്തികമായും ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു ജനവിഭാഗമാണ്. സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ കണക്കനുസരിച്ച് 1994-1995 ൽ ഒരു കേരളീയന്റെ ശരാശരി വരുമാനം 2113 രൂപയാണ്. എന്നാൽ മത്സ്യത്തൊഴിലാളികളുടെ വരുമാനം 1008 രൂപയാണ്. ഒരു പൗരന്റെ ശരാശരി വരുമാനത്തിന്റെ പകുതിക്കുതാഴെ മാത്രമാണ് അവരുടെ വരുമാനം. സാക്ഷരതയുടെ കാര്യത്തിൽ 91 ശതമാനമുള്ളപ്പോൾ മത്സ്യത്തൊഴിലാളി മേഖലയിൽ

LIBRARY ARCHIVES Kerala Legislative Assembly